ശ്രീ. എ. കണാരൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താമസിച്ചു വരുന്ന കൈവശക്കാർക്ക് പ്രസ്തുത ഭൂമി പതിച്ചുനൽകുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) കൈവശഭൂമി പതിച്ചുനൽകുന്നതിനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്ന പാവപ്പെട്ട കൈവശക്കാർക്ക് പലവിധത്തിലുള്ള തടസ്സങ്ങൾ പറഞ്ഞ് ഭൂമി പതിച്ചുനൽകാതിരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ പാവപ്പെട്ടവരെ പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ താലൂക്കിലുമുള്ള റവന്യൂ പുറമ്പോക്ക് കൈവശക്കാരുടെ ലിസ്റ്റ് എടുക്കുന്നതിനും അവർക്ക് സമയബന്ധിതമായി ഭൂമി പതിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്തെ സർക്കാർ പുറംപോക്ക് ഭൂമികളിൽ താമസിക്കുന്ന എല്ലാ അർഹരായ കൈവശക്കാർക്കും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് സമയബന്ധിതമായി പട്ടയം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയം നൽകുന്ന നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും പ്രതിനിധികളുമടങ്ങുന്ന ഭൂമി പതിവ് കമ്മിറ്റികൾ താലൂക്ക് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി)&(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും, 1995ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമി പതിച്ചു നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രകാരവുമാണ് ഇപ്രകാരം പുറംപോക്ക് സ്ഥലങ്ങൾ കൈവശക്കാരന് പതിച്ചുകൊടുക്കുന്നത്. ഇതനുസരിച്ച് പതിച്ചുനൽകുന്നതിന് ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം, ഭൂമി പതിച്ചു ലഭിക്കേണ്ടതിലേയ്ക്കായി കിട്ടിയിട്ടുള്ള അപേക്ഷകളിൻമേൽ ഭൂമിപതിവു കമ്മിറ്റികളുടെ ശുപാർശ അനുസരിച്ച് അർഹതയുള്ളവർക്കു് പതിച്ചുനൽകുന്നു. നിലവിലുള്ള എല്ലാ പതിവ് അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടു്.

**21 (*137) മലയോരകർഷകർക്ക് പട്ടയവിതരണം**

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1977 ജനുവരി, 1 വരെ ഭൂമി കൈവശം വച്ചിരുന്ന എത്ര മലയോരകർഷകർക്ക് പട്ടയം നൽകിയിട്ടുണ്ട്; ഇത് സംബന്ധിച്ച നടപടികളുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്ന്, ഏത് ഉത്തരവ് പ്രകാരമാണ് പട്ടയം വിതരണം ചെയ്യാനാരംഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) കോടതി വിധിമൂലം പട്ടയം വിതരണം നിർത്തിവയ്ക്കുക ഉണ്ടായോ;

(ഡി) എത്രപേർക്ക് പട്ടയം വിതരണം ചെയ്തുകഴിഞ്ഞപ്പോഴാണ് പട്ടയവിതരണം സ്റ്റേ ചെയ്തുകൊണ്ടു കോടതി ഉത്തരവുണ്ടായത്.

(ഇ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടയ വിതരണത്തിന് വച്ചിരുന്ന നിബന്ധനകൾ എന്തൊക്കെയായിരുന്നു;

(എഫ്)ഈ ഗവൺമെന്റ് അതിൽനിന്ന് വ്യത്യസ്തമായി അധികമായി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ജി) പട്ടയം ലഭിക്കുന്നതിന് കൃഷിക്കാർ ഏക്കർ ഒന്നിന് എന്ത് വില വച്ച് നൽകണം; ഈ ഇനത്തിലുള്ള തുക ഗഡുക്കളായി അടയ്ക്കുവാൻ സൗകര്യമുണ്ടോ; മുൻപ് നിശ്ചയിച്ചിരുന്ന തറവില എത്രയാണ്; ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ്; വർദ്ധനവിനുള്ള കാരണമെന്താണ്;

(എച്ച്) പട്ടയ വിതരണത്തിന് ഉപദേശക സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഐ) മലയോര കർഷകർക്ക് മുഴുവൻ എന്നത്തേയ്ക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ കഴിയും?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1994 നവംബർ 23-ാം തീയതിയിലെ ഹൈക്കോടതി വിധി പ്രകാരം മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി നിർത്തിവച്ചിരിക്കുകയായിരുന്നു. നിരോധനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയോ, എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയോ പതിനഞ്ചുമാസക്കാലത്തോളം മുൻസർക്കാർ ചെയ്തിരുന്നില്ല. ഇതിൽ കോടതി അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സ് പെട്ടെന്ന് വിചാരണയ്ക്കെടുക്കുന്നതിനും ത്വരിതഗതിയിൽ തീർപ്പു കൽപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ സ്വീകരിച്ചു. അതിന്റെ ഫലമായി 7-10-99 ൽ ഹൈക്കോടതി നിരോധനം ചില നിബന്ധനകൾക്ക് വിധേയമായി ഒഴിവാക്കി. പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റിൽനിന്നും അംഗീകാരം ലഭിച്ച 28588.159 ഹെക്ടർ ഭൂമിക്ക് ഇടുക്കി, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ എന്നീ അഞ്ചു ജില്ലകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇടുക്കിയിൽ 25-11-99ൽ നടത്തി. കേന്ദ്ര അനുമതി ലഭിച്ച ഭൂമിക്ക് അർഹതപ്പെട്ടവർക്ക് ആറ് മാസത്തിനകം പട്ടയങ്ങൾ, കോടതി നിബന്ധനയുടെ അടിസ്ഥാനത്തിൽ നൽകും.

(ബി)-(ഡി) പട്ടയം നൽകുന്നതിന് വ്യവസ്ഥകൾ മുന്നോട്ടു വച്ചുകൊണ്ടുള്ള കേന്ദ്ര വനം വകുപ്പിന്റെ കത്ത് 23-3-1993ലാണ്. എന്നാൽ വ്യവസ്ഥകൾ നടപ്പിലാക്കാതെയും കേന്ദ്ര വനംവകുപ്പിന്റെ ഔദ്യോഗികമായ

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം ലഭിക്കാതെയും 20-3-1993-ൽ കേന്ദ്രമന്ത്രി ശ്രീ. കമൽ നാഥിനെ ക്കൊണ്ട് പട്ടയവിതരണം ഉദ്ഘാടനം ചെയ്യിച്ച സംഭവമുണ്ടായി. തുടർന്ന് 1993 ലെ ഒ.പി.യിൽ പട്ടയ വിതരണം സ്റ്റേ ചെയ്തുകൊണ്ട് 23-11-94 ൽ ഹൈക്കോ ടതി നിർദ്ദേശമുണ്ടായി. എങ്കിലും സി.എച്ച്.ആർ ഭൂമി 1980 ലെ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ പെടില്ല എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 28588.159 ഏക്കർ ഭൂമിയിൽപ്പെട്ട ഇടുക്കി ജില്ലയിലെ 12323 സി.എച്ച്.ആർ. ഭൂമി കൈവശക്കാർക്ക് 1-5-1993 നും ഹൈക്കോടതിയുടെ 23-11-'94 ലെ സ്റ്റേ ഉത്തരവ് കൈപ്പറ്റുന്നതിനിടയിലുംപെട്ട കാലയളവിൽ പട്ടയം വിതരണം നടത്തുകയുണ്ടായി. കോടതിയുത്തരവിന് വിധേയമായി എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയ പട്ടയങ്ങളാണ് ഇങ്ങനെ നൽകിയത്. യഥാർത്ഥത്തിൽ കേന്ദ്ര വനംവകുപ്പിന്റെ ഔദ്യോഗികമായ അനുവാദം ലഭിച്ച 31-1-1995 നും ഇപ്പോൾ കോടതി സ്റ്റേ നീക്കം ചെയ്തുത്തരവായ 7-10-99 നും ഇടയ്ക്ക് മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്കു വിധേയമല്ലാത്ത പട്ടയങ്ങളൊന്നും വിത രണം ചെയ്തിട്ടില്ല.

(ഇ)&(എഫ്) 19-3-1993-ലെ സർക്കാർ ഉത്തരവിലെ ചട്ടങ്ങളുടെ അടി സ്ഥാനത്തിലും കേന്ദ്ര സർക്കാർ നൽകിയ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായുമാണ് പട്ടയം നൽകിയത്.

നിബന്ധനകൾ

(1) കുടിയേറ്റക്കാരുടെ ഭൂമി ക്രമവൽക്കരിക്കുന്നതിനുള്ള ഭൂമി പരി ശോധനയും, അതിർതിരിവും സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതാണ്.

(2) ഉൾവനത്തിലോ, പെരിയാർ ടൈഗർ വന്യജീവി സംരക്ഷണ ഏരിയായിലോ കുടിയേറ്റക്കാർക്ക് ഭൂമി ക്രമവൽക്കരിച്ച് നൽകുവാൻ പാടില്ല. അവരെ മാറ്റിപ്പാർപ്പിക്കേണ്ടതാണ്.

(3) ക്രമവൽക്കരിക്കേണ്ടുന്ന സ്ഥലത്തിന്റെ അതിർത്തി തിരിച്ചുള്ള വിശദമായ മാപ്പ് തയ്യാറാക്കിയിരിക്കണം.

(4) കേരളാ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം അനുവദനീയമായ സ്ഥല ത്തിൽ കൂടുതൽ, കുടിയേറ്റക്കാർക്ക് നൽകുവാൻ പാടില്ല. ഇപ്രകാരമുള്ള അധിക സ്ഥലം ലഭിച്ച കുടിയേറ്റക്കാരിൽനിന്നും അവ തിരിച്ചെടുക്കുകയും, വനഭൂമിയിലും, പെരിയാർ ടൈഗർ റിസർവിലുമുള്ള അർഹരായ കുടിയേറ്റ ക്കാരെ ആ സ്ഥലത്തേയ്ക്ക് മാറ്റാവുന്നതുമാണു്.

(5) പ്രസ്തുത ഏരിയാകളിലെ മണ്ണൊലിപ്പും, ഡാമുകളിലെ സിൽട്ടേഷനും തടയുന്നതിനായി മണ്ണു സംരക്ഷണത്തിനും. അഗ്രോ-ഫോ റസ്ട്രി തടമായി ഒരു സമയബന്ധിത പദ്ധതി തയ്യാറാക്കണം.

(6) നഷ്ടമായ വനഭൂമിയുടെ പരിഹാരമായി, നഷ്ടമായതിന്റെ ഇരട്ടി ഭൂമി വനവൽക്കരിക്കുവാനുള്ള പദ്ധതിക്ക് വേണ്ടിയുള്ള ഫണ്ട് കണ്ടെത്തേണ്ട ചുമതല സംസ്ഥാന ഗവൺമെന്റിനാണ്. നഷ്ടപരിഹാര വന വൽക്കരണം 5 വർഷത്തിനുള്ളിൽ നടപ്പാക്കേണ്ടതാണ്.

(7) എന്നാൽ ബഹു. ഹൈക്കോടതിയുടെ 7.10.1999 - ലെ വിധി പ്രകാരം സർക്കാരിനനുകൂലമായി, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയ മായാണ് കേസ്സ് തീർപ്പായി നിരോധനം നീക്കം ചെയ്തത്.

(1) വനഭൂമി പട്ടയത്തിനുവേണ്ടി അപേക്ഷിക്കുന്ന കൈവശക്കാരൻ ഭൂമി കൈയ്യേറിയതിലൂടെ പൊതുസ്വത്തിനും, ജനത്തിനും ഉണ്ടായ നാശന

LIBRARY ARCHIVES Kerala Legislative Assembly

ഷ്ടങ്ങൾക്ക് പരിഹാരമായി സർക്കാർ നിശ്ചയിക്കുന്ന ഒരു തുക സർക്കാരിന് കൊടുക്കേണ്ടതാണ്. ഇതിനായി 'Polluter Day Principle' ആണ് കോടതി അവലംബിച്ചത്.

(2) നാശനഷ്ടങ്ങൾക്ക് കൈവശക്കാരൻ നൽകേണ്ട നഷ്ടപരിഹാരത്തിന്റെ തോത് വന-റവന്യൂ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കേണ്ടതാണ്.

കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ്, ഈടാക്കേണ്ട തുക നിശ്ചയിച്ച് താഴെപ്പറയുന്ന നിബന്ധനയ്ക്കും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചത്.

(1) 25 സെന്റിൽ താഴെയുള്ള കൈവശക്കാർ നഷ്ടപരിഹാര തുക അടയ്ക്കേണ്ടതില്ല.

(2) കയ്യേറ്റംമൂലം പരിസ്ഥിതിക്ക് വരുത്തിയ നാശനഷ്ടങ്ങളും, വനവൽക്കരണത്തിനായി ചെലവഴിയ്ക്കേണ്ട തുകയും കണക്കിലെടുത്ത് ഏക്കറൊന്നിന് 5000/- രൂപാ വച്ച് കൈവശക്കാർ നഷ്ടപരിഹാരം നൽകേണ്ടതാണ്.

(3) നഷ്ടപരിഹാര തുക നൽകുന്നതിൽനിന്നും പട്ടികജാതി-പട്ടിക വർഗ്ഗക്കാരെ ഒഴിവാക്കിയിരിക്കുന്നു.

(4) നഷ്ടപരിഹാര തുക മുഴുവൻ നൽകിയ ശേഷമേ പട്ടയം നൽകുകയുള്ളു.

(ജി) പട്ടയം ലഭിക്കുന്നതിന് 25 സെന്റിൽ താഴെയുള്ള കൈവശക്കാർ നഷ്ടപരിഹാരത്തുക അടയ്ക്കേണ്ടതില്ല. 25 സെന്റിൽ കൂടുതലുള്ളവർ പട്ടയം ലഭിയ്ക്കേണ്ടതിന് ഏക്കറൊന്നിന് 5000/- രൂപാ വച്ച് നഷ്ടപരിഹാരത്തുകയായി നൽകേണ്ടതാണു്. കോടതിവിധിയിലെ നിബന്ധനയനുസരിച്ച് തുക ഗഡുക്കളായി അടയ്ക്കാൻ വ്യവസ്ഥയില്ല. പട്ടയം ലഭിക്കുന്നതിന് കൈവശക്കാർ 50 സെന്റു വരെ തറവില നൽകേണ്ടതില്ല. 51 സെന്റ് മുതൽ 2 ഏക്കർ വരെ ഏക്കർ ഒന്നിന് 1000 രൂപ വീതവും, 2 ഏക്കറിന് മുകളിൽ ഏക്കറൊന്നിന് 2000 രൂപ വീതവും തറവില നൽകേണ്ടതാണ്. മുൻപ് നിശ്ചയിച്ചിരുന്ന തറവിലയിൽ വർദ്ധനവൊന്നും ഉണ്ടായിട്ടില്ല.

(എച്ച്) ഉണ്ട്.

പട്ടയവിതരണത്തിന്റെ സുതാര്യമായ നടത്തിപ്പിന് നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ കർഷക സംഘടനയിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഉപദേശക സമിതി കൊല്ലം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ തലത്തിൽ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലും ഇടുക്കി ജില്ലയിലും സ്പെഷ്യൽ ലാന്റ് അസൈൻമെന്റ് യൂണിറ്റ് തലത്തിൽ ഉപദേശക സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) കേന്ദ്ര അംഗീകാരം ലഭിച്ച 28588.159 ഹെക്ടർ ഭൂമിക്ക് മുഴുവനും ആറു മാസത്തിനകം പട്ടയം നൽകാനുള്ള നടപടി എടുത്തുവരുന്നു.

22 (*139) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ്**

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :



LIBRARY ARCHIVES Kerala Legislative Assembly